**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജൈവ കൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടും പോഷക സമൃദ്ധമായ പച്ചക്കറികൾക്ക് ഊന്നൽ നൽകിക്കൊണ്ടും സുരക്ഷിതവും, പോഷക സമൃദ്ധവുമായ പച്ചക്കറികൾ ഓരോ വീട്ടുവളപ്പിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ഉല്പാദന ഉപാധികളും, ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. കൂടാതെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേനയും സുരക്ഷിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**(എ) പച്ചക്കറി വികസന പദ്ധതി**<br><br>പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം |

പോഷകത്തോട്ടങ്ങളുടെ നിർമ്മാണം, ദീർഘകാല പച്ചക്കറി തൈകളുടെ വിതരണം, പച്ചക്കറി തൈകളോട്ടുകൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

**(ബി) പോഷക സമൃദ്ധി മിഷൻ**

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്ത കൈവരിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ഊന്നൽ നല്കി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി **"പോഷക സമൃദ്ധി മിഷൻ"** രൂപീകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധവും, സുരക്ഷിതമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനും, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് കൃഷി നടപ്പിലാക്കി വരുന്നു.

**(സി) കൃഷി സമൃദ്ധി പദ്ധതി**

കൃഷി സമൃദ്ധി പദ്ധതിയിലൂടെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിൽ ഉൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറി/പഴവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം, പഴവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിലൂടെ സംയോജിപ്പിച്ചു കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളെ കൂടാതെ വി.എഫ്.പി.സി.കെ., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയും വിഷരഹിത പച്ചക്കറി കൃഷി നടത്തി വരുന്നു |
| (ബി) | ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ